"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് കൊളത്തൂർ എ.യു.പി സ്കൂളിലെ യു.പി.എസ്.എ, ശ്രീ ഷൈജു പി.സി സമർപ്പിച്ച റിവിഷൻ ഹർജി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

**G.O.(Rt)No.4482/2023/GEDN** തീയതി,തിരുവനന്തപുരം **05-08-2023**

---

പരാമർശം:-
1. ശ്രീ ഷൈജു.പി.സി സമർപ്പിച്ച 10/07/2022-ലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/12/2021-ലെ DGE/11021/2021 - RA4 നമ്പർ കത്ത്
3. കോഴിക്കോട് സൂപ്പർ ചെക്ക് ഓഫീസറുടെ 07/02/2023-ലെ എസ്.സി.കെ.കെ.ഡി/156/2022 നമ്പർ കത്ത്
4. ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/04/2023-ലെ എഫ്/5460/2022 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് കൊളത്തൂർ എ.യു.പി സ്കൂളിൽ 2009 മുതൽ അവധി ഒഴിവിൽ നിയമിതനായ ശ്രീ ഷൈജു.പി.സിയെ മാനേജർ 2013-ൽ ഉണ്ടായ റിട്ടയർമെന്റ് ഒഴിവിൽ മാറ്റി നിയമിച്ചിരുന്നു. എന്നാൽ ടി വർഷവും, തുടർന്നും ആറാം ക്ലാസ്സിൽ ആറാം അദ്ധ്യയന ദിവസം നിശ്ചിത എണ്ണം കുട്ടികൾ ഇല്ലാത്തതിനാൽ ടിയാനെ ഉൾക്കൊള്ളാൻ തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ ബാലുശ്ശേരി എ.ഇ.ഒ ശ്രീ ഷൈജു.പി.സിയുടെ നിയമനം നിരസിച്ചു. ഇതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയും നിരസിക്കുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിലാണ് ശ്രീ ഷൈജു പി.സി സർക്കാരിൽ പരാമർശം 1 റിവിഷൻ ഹർജി സമർപ്പിച്ചിരുന്നത്.

**2.** ശ്രീ. ഷൈജു. പി. സിയുടെ റിവിഷൻ ഹർജി പ്രകാരം **2013-14** അധ്യയന വർഷത്തിൽ ആറാം ക്ലാസിൽ **36** കുട്ടികൾ ഉണ്ടാവുകയും രണ്ട് ഡിവിഷനുകൾ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആറാം പ്രവൃത്തി ദിന കണക്കിൽ **36** കുട്ടികൾ ആയിരുന്നു ഉണ്ടായിരുന്നത്. ആറാം ക്ലാസിലെ ഉണ്ണിമായ കെ. എന്ന വിദ്യാർത്ഥിനി അവളുടെ അമ്മ തീ കൊളുത്തി ആത്മഹത്യ ചെയ്തതിന്റെ ഭാഗമായി അമ്മ വീട്ടിലേക്ക് താമസം മാറിയതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ മെഡിക്കൽ കോളജ് കാമ്പസ് കോഴിക്കോട് സ്ക്കൂളിലേക്ക് ടി.സി വാങ്ങിപ്പോവുകയുണ്ടായി. ഒന്നാം തരം മുതൽ ഈ വിദ്യാലയത്തിൽ പഠിച്ച വിദ്യാർത്ഥിനിയാണ്. ആറാം പ്രവൃത്തി ദിനത്തിന് ശേഷമാണ് ടി.സി വാങ്ങിപ്പോയത്. രണ്ടു ദിവസത്തിനുള്ളിൽ അശ്വന്ത് കെ എന്ന വിദ്യാർത്ഥി ആറാം ക്ലാസിൽ ടി. സി വഴി വരികയും ചെയ്തിട്ടുണ്ട്. കൂടാതെ **2014-15** അധ്യയന വർഷം ടി സ്ക്കൂളിൽ ഹർജിക്കാരന് നിലനിൽക്കാനാവശ്യമായ യു.പി.എസ്.ടി തസ്തിക നിലനിർത്തുവാനാവശ്യമായ കുട്ടികൾ (അഞ്ചാം ക്ലാസിൽ **36** എണ്ണം) ഉള്ളതായും കാണുന്നു.

**3.** ശ്രീ. ഷൈജു. പി. സി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബാലുശ്ശേരി എ.ഇ.ഒ സമർപ്പിച്ച റിപ്പോർട്ട് റിപ്പോർട്ട് പ്രകാരം കൊളത്തൂർ എ.യു.പി സ്ക്കൂളിൽ **2013-14** വർഷത്തിൽ അനുവദിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രധാനാദ്ധ്യാപകൻ | - **1** |
| യു.പി.എസ്.എ | - **2** |
| എൽ.പി.എസ്.എ | - **6** |

ഈ തസ്തികകളിൽ ആകെ **9** പേർ ജോലി ചെയ്തു വരുന്നുണ്ട്. അതിൽ **2** പേർ ദീർഘകാല അവധിയിലാണ്. അവർ ഉൾപ്പെടെ **11** പേർ സ്റ്റാഫ് ലിസ്റ്റിൽ ഉണ്ട്. എന്നാൽ **12** പേർ നിലവിൽ ഉള്ളതിനാൽ അവധി ഒഴിവിൽ തുടരുന്ന ശ്രീ ഷൈജു പി.സിയുടെ സ്ഥിരം ഒഴിവിലേക്കുള്ള നിയമനാംഗീകാരം നിരസിക്കുകയാണുണ്ടായത്. തസ്തിക

നിർണ്ണയത്തിനെതിരെ മാനേജർ അപ്പീൽ നൽകിയതായി അറിയുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ അനുവദിക്കപ്പെട്ട തസ്തികകൾ മേൽപ്പറഞ്ഞ 9 ഡിവിഷനും തസ്തികകളുമാണ്.

29/01/2016-ന് പ്രാബല്യത്തിൽ വന്ന സ.ഉ.(പി) 29/2016 അനുസരിച്ച് തസ്തിക നിർണ്ണയം നടത്തുമ്പോൾ അധിക ഡിവിഷൻ ലഭിക്കുമെന്നാണ് മാനേജറുടെ വാദം. 2013-14 വർഷത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കാതിരുന്ന ഡിവിഷനുകളാണ്. ആയതിനാൽ പിൽക്കാല ഉത്തരവ് വച്ച് സാങ്കല്പിക തസ്തികയിൽ ശ്രീ ഷൈജു.പി.സിക്ക് നിയമനാംഗീകാരം നൽകണമെന്ന വാദവും നിലനിൽക്കുന്നതല്ല.

പ്രസ്തുത സാഹചര്യത്തിൽ 03/06/2013 മുതൽ ശ്രീ ഷൈജു.പി.സിയെ സ്ഥിരം തസ്തികയിലേക്ക് നിയമിക്കാൻ ഒഴിവ് ലഭ്യമല്ലാത്തതിനാലാണ് സമാന ആവശ്യം ഉന്നയിച്ച് കൊളത്തൂർ എ.യു.പി സ്കൂൾ മാനേജർ സമർപ്പിച്ച അപ്പീൽ നിരസിച്ചത് എന്നാണു എ.ഇ.ഒ റിപ്പോർട്ട് ചെയ്യുന്നത്.

4. ഹർജിക്കാരൻ നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നതു പോലെ 2013-14 വർഷം ആറാം ക്ലാസിൽ ടി സ്ക്കൂളിൽ 6-ാം പ്രവൃത്തി ദിവസവും, തുടർന്നും 36 കുട്ടികൾ പഠനം നടത്തിയിരുന്നോ എന്നതു സംബന്ധിച്ചും, തുടർന്നുള്ള 2014-15 വർഷം ആറാം പ്രവൃത്തി ദിവസം 5-ാം ക്ലാസിൽ 36 കുട്ടികൾ ഉള്ള സാഹചര്യത്തിൽ അനുവദനീയ അധിക ഡിവിഷൻ അനുവദിക്കുന്നതു സംബന്ധിച്ചും, സ്ക്കൂൾ രേഖകൾ നേരിട്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൂപ്പർ ചെക്ക് ഓഫീസറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പരാമർശം 3 റിപ്പോർട്ട് പ്രകാരം കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഉപജില്ലയിൽപ്പെട്ട കൊളത്തൂർ എ.യു.പി സ്ക്കൂളിൽ താഴെക്കാണിച്ചിരിക്കുന്ന പ്രകാരമാണ് 2013-14 വർഷത്തിൽ ഡിവിഷനുകളും തസ്തികകളും ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിട്ടുള്ളത്.

| ക്ലാസ് | I | II | III | IV | V | VI | VII | മൊത്തം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| റോൾ സ്ട്രെങ്ത് | **19** | **17** | **21** | **25** | **44** | **35** | **48** | **209** |
| **2013-14** വർഷത്തിൽ അനുവ ദിച്ച ഡിവിഷനുകളുടെ എണ്ണം | **1** | **1** | **1** | **1** | **1** | **2** | **2** | **9** |
| **2012-13** വർഷത്തിൽ അനുവ ദിച്ച ഡിവിഷനുകളുടെ എണ്ണം | **1** | **1** | **1** | **1** | **1** | **2** | **2** | **9** |

മേൽപ്പറഞ്ഞ ഡിവിഷനുകൾ അനുസരിച്ച് താഴെക്കാണിച്ചിരിക്കുന്ന തസ്തികകളാണ് സ്കൂളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രധാനാധ്യാപകൻ | **1** |
| യു.പി.എസ്.എ | **2** |
| എൽ.പി.എസ്.എ | **6** |
| ലോവർ ഗ്രേഡ് ഹിന്ദി | **1** |
| ലോവർ ഗ്രേഡ് അറബിക് | **1** |
| ലോവർ ഗ്രേഡ് ഉറുദു | **1** (ഗ്രൂപ്പ് സി ഡൈവേർഷൻ മുഖേന) |
| ലോവർ ഗ്രേഡ് സംസ്കൃതം | **1** (ഗ്രൂപ്പ് സി ഡൈവേർഷൻ മുഖേന) |
| ഓഫീസ് അറ്റന്റന്റ് | **1** |

കൊളത്തൂർ എ.യു.പി സ്കൂളിലെ യു.പി.എസ്.എ ആയ ശ്രീ. പി.സി മോഹനൻ **31-05-13-** ന് വിരമിച്ച ഒഴിവിലാണ് സ്കൂൾ മാനേജർ ശ്രീ. ഷൈജു പി. സി യെ **03-06-13** മുതൽ യു.പി.എസ്.എ ആയി നിയമിക്കുന്നത്. സ്കൂളിന്റെ **2013-14** വർഷത്തെ തസ്തിക നിർണ്ണയം ജി. ഒ (പി) **29/16/**ജിഇഡിഎൻ തീയതി **29-01-16** പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

നടത്തിയപ്പോൾ ശ്രീ. ഷൈജു പി. സി യെ ഉൾക്കൊള്ളാനാവശ്യമായ തസ്തിക നിലവിലില്ല എന്ന കാരണത്താൽ ശ്രീ. ഷൈജു പി. സി യുടെ നിയമനാംഗീകാര അപേക്ഷ 04-05-16-നുള്ള സി/710/16 നമ്പർ ഉത്തരവിലൂടെ ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയായിരുന്നു. ഈ ഉത്തരവിനെതിരെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ കൊടുത്ത അപ്പീലും ഇതേ കാരണത്താൽ നിരസിക്കുകയായിരുന്നു. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ സ്ക്കൂൾ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപ്പീൽ ഹർജിയും നിരസിച്ച് ഉത്തരവായിരുന്നു.

2013-14 വർഷത്തിൽ ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സ്ക്കൂളിലെ ആറാം ക്ലാസിൽ 35 വിദ്യാർത്ഥികളാണ് റോളിലുണ്ടായിരുന്നത്. എന്നാൽ ആറാം ക്ലാസിൽ ആറാമത്തെ പ്രവൃത്തി ദിവസം 36 കുട്ടികളുണ്ടായിരുന്നു. ആറാം ക്ലാസിലെ ഉണ്ണിമായ കെ.കെ എന്ന വിദ്യാർത്ഥിക്ക് 11-06-13-ന് കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ് ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളിലേക്ക് ടി.സി നൽകിയതുകൊണ്ടാണ് ഈ കുട്ടിയെ ഒഴിവാക്കി തസ്തിക നിർണ്ണയം നടത്തുമ്പോൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആറാം ക്ലാസിലെ റോൾ സ്ട്രെങ്ത് 35 ആക്കിയത്. ഉണ്ണിമായ 10-06-13 വരെ കൊളത്തൂർ എ.യു.പി സ്ക്കൂളിൽ ഹാജരായിട്ടുണ്ട്. 2013-14 വർഷത്തെ ആറാമത്തെ പ്രവൃത്തി ദിവസം ഉണ്ണിമായ ആറാം ക്ലാസിൽ ഹാജരായിട്ടുള്ളതായി ഹാജർപ്പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 11-06-13 നാണ് താമസ സ്ഥലം മാറ്റം കാരണം ഉണ്ണിമായക്ക് കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ് ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളിലേക്ക് ടി.സി നൽകിയിട്ടുള്ളത്. ഉണ്ണിമായയുടെ മാതാവ് മരണപ്പെട്ടതിനാൽ തുടർന്ന് പഠിക്കാൻ വേണ്ടി അമ്മയുടെ വീട്ടിലേക്ക് മാറിയതിനാലാണ് മറ്റൊരു സ്ക്കൂളിലേക്ക് ടി.സി വാങ്ങിയതെന്നാണ് സ്ക്കൂളധികൃതർ അറിയിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ് ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഈ വിദ്യാർത്ഥിക്ക് അഡ്മിഷൻ നൽകിയോ എന്ന് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ ടി

വിദ്യാർത്ഥി 11-06-13-ന് സ്ക്കൂളിൽ 11531 അഡ്മിഷൻ നമ്പർ ആയി മെഡിക്കൽ കോളേജ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ പ്രവേശനം നേടിയിട്ടുണ്ട്. ടി വിദ്യാർ ത്ഥിക്ക് 13-05-16-ന് കോഴിക്കോട് സാവിയോ ഹയർ സെക്കണ്ടറി സ്ക്കൂളിൽ പ്രവേശനം നേടിയിട്ടുണ്ട്. ടി വിദ്യാർത്ഥിക്ക് 13-05-16-ന് കോഴിക്കോട് സാവിയോ ഹയർ സെക്കണ്ടറി സ്ക്കൂളിലെ എട്ടാം ക്ലാസിലേക്ക് 17059/19/16 നമ്പർ ആയി ടി.സി നൽകിയിട്ടുണ്ട്. സ്ക്കൂളിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷവും ആറാം ക്ലാസ് രണ്ട് ഡിവിഷനായി പ്രവർത്തിച്ചിട്ടുണ്ട്. അതോടൊപ്പം താമസ സ്ഥലംമാറ്റം മൂലം വിദ്യാർത്ഥി മറ്റൊരു സ്ക്കൂളിലേക്ക് മാറി നിയമപ്രകാരം ആ സ്ക്കൂളിൽ തുടർ പഠനം നടത്തുകയും ചെയ്തതായി ബോധ്യപ്പെട്ടതിനാൽ ഉണ്ണിമായയുടെ അഡ്മിഷൻ കൃത്രിമ അഡ്മിഷനായി കണക്കാക്കേണ്ടതില്ലാത്തതാണ്.

2013-14വർഷത്തിൽ താഴെക്കാണിച്ചിരിക്കുന്ന പ്രകാരം സ്ക്കൂളിൽ ഡിവിഷനുകൾ പ്രവർത്തിച്ചിട്ടുണ്ട്.

| ക്ലാസ് | I | II | III | IV | V | VI | VII | മൊത്തം |
|---|---|---|---|---|---|---|---|---|
| എ.ഇ.ഒ അനുവദിച്ച ഡിവിഷനുകൾ | 1 | 1 | 1 | 1 | 1 | 2 | 2 | 9 |
| പ്രവർത്തിപ്പിച്ച ഡിവിഷനുകൾ | 1 | 1 | 1 | 1 | 2 | 2 | 2 | 10 |

അതോടൊപ്പം പരിശോധനയിൽ അഞ്ചാം ക്ലാസിൽ ആറാമത്തെ പ്രവൃത്തി ദിവസം 36 വിദ്യാർത്ഥികൾ ഉണ്ടെന്ന് കണ്ടെത്തിയതിനാലും, ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം താമസ സ്ഥലംമാറ്റം കാരണം ടി.സി വാങ്ങിപ്പോയ വിദ്യാർത്ഥി ടി.സി നൽകിയ സ്ക്കൂളിൽ നിയമപ്രകാരം അഡ്മിഷൻ നേടിയിട്ടുണ്ടെന്ന് കണ്ടെത്തിയതിനാലും സ്ക്കൂളിൽ 2013-14 വർഷത്തിൽ 10 ഡിവിഷനുകൾ അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് കാണുന്നു.

2014-15 വർഷത്തിൽ കൊളത്തൂർ എ.യു.പി സ്ക്കൂളിൽ

താഴെപ്പറയുന്ന പ്രകാരമാണ് ഡിവിഷനുകളും തസ്തികകളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചിട്ടുള്ളത്.

| ക്ലാസ് | I | II | III | IV | V | VI | VII | മൊത്തം |
|---|---|---|---|---|---|---|---|---|
| ആറാമത്തെ പ്രവൃത്തി ദിവസത്തെ കുട്ടികളുടെ എണ്ണം | 19 | 21 | 19 | 22 | 36 | 45 | 41 | 203 |
| 2013-14 വർഷത്തിൽ അനുവ ദിച്ച ഡിവിഷനുകളുടെ എണ്ണം | 1 | 1 | 1 | 1 | 1 | 2 | 2 | 9 |
| 2012-13 വർഷത്തിൽ അനുവ ദിച്ച ഡിവിഷനുകളുടെ എണ്ണം | 1 | 1 | 1 | 1 | 1 | 2 | 2 | 9 |

2014-15 വർഷത്തിൽ സ്ക്കൂളിൽ 10 ഡിവിഷനുകൾ അനുവദിക്കാനാവശ്യമായ കുട്ടികളുണ്ടെങ്കിലും 9 ഡിവിഷനുകളേ പ്രവർത്തിച്ചിട്ടുള്ളൂ. അഞ്ചാം ക്ലാസിൽ 2014-15 വർഷത്തിൽ 36 വിദ്യാർത്ഥികളുണ്ടെങ്കിലും ഒരു ഡിവിഷൻ മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ. ആയതിനാൽ 03-03-16 നുള്ള ഡി.ഡിസ്/സി/934/16 നമ്പർ ഉത്തരവിലൂടെ 9 ഡിവിഷനുകൾ അനുവദിച്ച ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ കൊളത്തൂർ എ.യു.പി സ്ക്കൂളിൽ 2013-14 വർഷത്തിൽ 1 മുതൽ 7 വരെ മൊത്തം 10 ഡിവിഷനുകൾ അനുവദിക്കുന്നതിൽ തടസ്സമൊന്നുമില്ലെന്നും, 2014-15 വർഷത്തിൽ ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച അതേ ഡിവിഷനുകളും തസ്തികകളും തന്നെ (9 ഡിവിഷനുകൾ) അനുവദിക്കാൻ കഴിയുകയുള്ളൂവെന്നും സൂപ്പർ ചെക്ക് സെൽ റിപ്പോർട്ട് ചെയ്യുന്നു.

**5.** സർക്കാർ ഈ വിഷയം സൂപ്പർ ചെക്ക് സെൽ സമർപ്പിച്ച റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

കൊളത്തൂർ എ.യു.പി സ്ക്കൂളിൽ യു.പി.എസ്.ടി ആയിരുന്ന ശ്രീ. പി.സി മോഹനൻ 31-05-2013-ൽ വിരമിച്ച ഒഴിവിൽ ഹർജിക്കാരനായ ശ്രീ. ഷൈജു. പി.സിയെ മാനേജർ 03-06-13 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു എങ്കിലും ടിയാനെ നിയമിക്കുവാനാവശ്യമായ തസ്തിക നിലവിലില്ല എന്ന കാരണത്താൽ ബാലുശ്ശേരി എ.ഇ.ഒ 04-05-16-ലെ സി/710/2016 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. തുടർ അപ്പീലുകളും നിരസിക്കപ്പെട്ടു. എന്നാൽ 2013-14 വർഷം ടി സ്ക്കൂളിൽ 6-ാം ക്ലാസിൽ ആറാം സാധ്യായ ദിനം 36 കുട്ടികൾ റോളിലുണ്ടായിരുന്നതായും ഇതിനു ശേഷം ആണ് ഇതിൽ ഒരു കുട്ടി ടി.സി വാങ്ങി മറ്റൊരു സ്ക്കൂളിലേക്ക് പോയത് എന്നും, ആറാം സാധ്യായ ദിനം റോളിലുണ്ടായ 36 കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2013-14 വർഷം ഒരു ഡിവിഷൻ കൂടി (മൊത്തം 10 ഡിവിഷനുകൾ) അനുവദിക്കാവുന്നതാണെന്നും സൂപ്പർ ചെക്ക് ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു.

നേരത്തെ എ.ഇ.ഒ തെറ്റായി റിപ്പോർട്ട് നൽകിയതു കൊണ്ടാണ് 9 ഡിവിഷനുകൾ മാത്രം അനുവദിക്കുകയും അതിനാൽ ശ്രീ. ഷൈജുവിന് തസ്തിക നഷ്ടപ്പെട്ടതും. 2013-14 വർഷം ആറാം ക്ലാസിലെ ആറാം സാധ്യായ ദിവസത്തെ 36 കുട്ടികളുടെ വെളിച്ചത്തിൽ എ.ഇ.ഒ തസ്തിക അനുവദിച്ചിരുന്നു എങ്കിൽ ശ്രീ. ഷൈജു പി.സി ക്ക് 03-06-13 മുതൽ തന്നെ നിയമനാംഗീകാരം ലഭ്യമാകുമായിരുന്നു. അതായത് ഹർജിക്കാരനെ മാനേജർ യഥാസമയം നിയമിച്ച് ടിയാൻ തുടർന്നുവെങ്കിലും എ.ഇ.ഒ യുടെ ഭാഗത്തു നിന്നുള്ള നോട്ടപ്പിശക് മൂലമാണ് ടിയാന് അംഗീകാരം ലഭിക്കാതിരുന്നത്. ആയത് സൂപ്പർ ചെക്ക് ഓഫീസറുടെ 07/02/2023-ലെ റിപ്പോർട്ടിൽ വ്യക്തമാണ്. അപ്രകാരം 2013-14-ൽ 03-06-13 മുതൽക്ക് തന്നെ ടിയാന് അംഗീകാരം ലഭിച്ചിരുന്നു എങ്കിൽ 29-01-16-ലെ ജി.ഒ.(പി) 29/16/പൊ.വി.വ ഉത്തരവിലെ

ഖണ്ഡിക 1(5) പ്രകാരം ടിയാന് സംരക്ഷണാനുകൂലം ലഭ്യമായി തസ്തിക സംരക്ഷിച്ചു കിട്ടി ടിയാൻ സേവനത്തിൽ തുടരുമായിരുന്നു. അപ്രകാരം ടിയാൻ തുടർ വർഷങ്ങളിലും സേവനത്തിൽ തുടരുമായിരുന്നു.

ഇനി തുടർ വർഷമായ 2014-15 ൽ അഞ്ചാം ക്ലാസിൽ 36 കുട്ടികൾ ഉണ്ട്. ടി 36 കുട്ടികൾക്ക് മേൽ 29-01-16-ലെ ഉത്തരവിലെ ഖണ്ഡിക II (2) പ്രകാരം 2 ഡിവിഷനുകൾ അനുവദനീയമാണ് (കാരണം ടി ഉത്തരവ് പ്രകാരം 1 മുതൽ 5 വരെ ക്ലാസുകളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്). അപ്പോൾ 2014-15 ലും ടിയാന് നിലനിൽക്കുവാൻ മേൽ 29-01-16 ഉത്തരവിലെ ഖണ്ഡിക II (2) പ്രകാരം തസ്തിക ലഭ്യമാവും. എന്നാൽ 2014-15 ലും എ.ഇ.ഒ 5-ാം ക്ലാസിൽ രണ്ടു ഡിവിഷനു പകരം ഒരു ഡിവിഷനേ അനുവദിച്ചുള്ളൂ. ചുരുക്കത്തിൽ സൂപ്പർ ചെക്ക് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ടിയാന് 2013-14 ൽ തസ്തിക ലഭ്യമാണ്. 29-01-16-ലെ ഉത്തരവിലെ ഖണ്ഡിക II (2) പ്രകാരം 2014-15 ലും ടിയാന് തസ്തിക ലഭ്യമാണ്. ആയതിനാൽ തന്നെ ശ്രീ. ഷൈജു. പി.സി-ക്ക് ടിയാന്റെ നിയമനത്തീയതിയായ 03-06-13 മുതൽ തന്നെ നിയമനാംഗീകാരം അനുവദിക്കാവുന്നതാണ്. 29-01-16-ലെ ഉത്തരവിലെ ഖണ്ഡിക I (5) പ്രകാരം ടിയാന് നിലനിൽക്കാവുന്ന തസ്തികയിൽ സംരക്ഷണാനുകൂല്യവും ലഭ്യമാകും. ടിയാൻ സേവനത്തിൽ നിന്നും പുറത്താകുന്ന സാഹചര്യവും ഉണ്ടാവില്ലായിരുന്നു.

29-01-16-ലെ ജി.ഒ.(പി) 29/16/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക II (2)അനുസരിച്ച് 2012-13 മുതൽ 2015-16 വരെ വർഷങ്ങളിൽ നടത്തിയ നിയമനങ്ങൾക്ക് കോടതി വിധിക്ക് അനുസൃതമായി ( 1 മുതൽ 5 വരെ ക്ളാസുകൾക്ക് 1:30, 6 മുതൽ 8 വരെ ക്ലാസുകൾക്ക് 1 :35, 9,10 ക്ലാസുകളിൽ 1 : 4 5 എന്ന മുറക്ക്) അംഗികാരം നൽകേണ്ടതാണ് എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. അതായത് ഏതെങ്കിലും ടീച്ചർ ഒരു സ്കൂളിൽ അക്കാലഘട്ടത്തിൽ പഠിപ്പിച്ചുകൊണ്ട് നിലനിലനിന്നിരുന്നു എങ്കിൽ ഡിവിഷനുകൾ യഥാർത്ഥത്തിൽ പ്രവർത്തിച്ചിരുന്നില്ല എങ്കിൽ കൂടി 29-01-

16-ലെ ജി.ഒ.(പി) 29/16/പൊ.വി.വ ഉത്തരവനുസരിച്ച് മേൽ പ്രസ്താവിച്ച അനുപാതത്തിൽ ഡിവിഷനുകൾ ലഭിക്കുമെങ്കിൽ പ്രസ്തുത ടീച്ചർക്ക് അംഗീകാരം നൽകാവുന്നതാണ്. ആയതിനാൽ അഞ്ചാം ക്ലാസിൽ 2014-15 വർ ഷത്തിൽ 3 6 വിദ്യാർത്ഥികൾക്ക് രണ്ട് ഡിവിഷൻ ലഭ്യമാകുന്നു എന്നതു കണക്കിലെടുത്ത് നിലനിന്നിരുന്നതിൽ സീനിയർ ആയ ശ്രീ. ഷൈജു പി. സി യുടെ നിയമനം 2014-15 വർഷത്തിൽ അംഗീകരിക്കാവുന്നതാണ്.

സൂപ്പർ ചെക്ക് ഓഫീസറുടെ 07.02.2023 ലെ റിപ്പോർട്ട് പ്രകാരം ആറാം ക്ലാസിൽ ആറാമത്തെ പ്രവൃത്തി ദിവസം 36 വിദ്യാർത്ഥികൾ ഉണ്ടെന്ന് കണ്ടെത്തിയതിനാലും, ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം താമസ സ്ഥലംമാറ്റം കാരണം ടി.സി വാങ്ങിപ്പോയ വിദ്യാർത്ഥി ടി.സി നൽകിയ സ്ക്കൂളിൽ നിയമപ്രകാരം അഡ്മിഷൻ നേടിയിട്ടുണ്ടെന്ന് കണ്ടെത്തിയതിനാലും സ്കൂളിൽ 2013-14 വർഷത്തിൽ 10 ഡിവിഷനുകൾ അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുള്ളതിനാൽ ആയതു കണക്കിലെടുത്ത് ശ്രീ. ഷൈജു പി. സി യുടെ നിയമനം 2013-14 വർഷം മുതൽ തന്നെ അംഗികരിക്കാവുന്നതാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ കൊളത്തൂർ എ.യു.പി സ്ക്കൂളിലെ 2013-14, 2014-15 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവുകൾ റിവൈസ് ചെയ്യുവാനും, ശ്രീ. ഷൈജു പി.സി-ക്ക് നിലനിൽക്കുവാൻ 2013-14-ലും (6-ാം ക്ലാസിലും), 2014-15 ലും (5-ാം ക്ലാസിലും) തസ്തിക ലഭ്യമാണെന്നതിനാൽ ടിയാന്റെ യഥാർത്ഥ നിയമനത്തീയതിയായ 03-06-13 മുതൽ യു.പി.എസ്.ടി ആയി തുടർച്ചായായി നിയമനാംഗീകാരം നൽകുവാനും ബാലുശ്ശേരി എ.ഇ.ഒ-ക്ക് നിർദ്ദേശം നൽകി കൊണ്ട് പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SWAPNA.P**

**DEPUTY SECRETARY**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബാലുശ്ശേരി, കോഴിക്കോട്

സൂപ്പർ ചെക്ക് ഓഫീസർ, സൂപ്പർ ചെക്ക് സെൽ, സിവിൽസ്റ്റേഷൻ, കോഴിക്കോട്

മാനേജർ, കൊളത്തൂർ എ.യു.പി സ്കൂൾ, ബാലുശ്ശേരി, കോഴിക്കോട് - **673315**

ശ്രീ ഷൈജു.പി.സി, യു.പി.എസ്.എ, കൊളത്തൂർ എ.യു.പി സ്കൂൾ, ബാലുശ്ശേരി, കോഴിക്കോട് - **673315**

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Asha Rani M

Date: 05-08-2023 15:06:38

സെക്ഷൻ ഓഫീസർ